# കേരള സർവകലാശാല

നം. പി.ആർ.181/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2017 എസ്.സി/എസി.ടി. സ്പോട്ട് അലോട്ട്മെന്റ് – കോളേജ് പ്രവേശനം ആഗസ്റ്റ് 14 വരെ.

2017–18–ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുണ്ടായിരുന്ന എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് ആഗസ്റ്റ് 9–ന് കേരള സർവകലാശാല സെനറ്റ് ഹാളിലും ആലപ്പുഴ എസ്.ഡി.കോളേജിലും, ആഗസ്റ്റ് 10–ന് കൊല്ലം എസ്.എൻ.കോളേജിലും അടൂർ സെന്റ് സിറിൾസ് കോളേജിലും നടന്ന സ്പോട്ട് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് മെമ്മോ ലഭിച്ച വിദ്യാർത്ഥികൾ ആഗസ്റ്റ് 11, 14 തീയതികളിലായി മെമ്മോയും മറ്റ് അസൽ രേഖകളും സഹിതം മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആഗസ്റ്റ് 14–നകം കോളേജിൽ ഹാജരായി പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് നഷ്ടമാകുന്നതാണ്.

## പി.ജി. ഓൺലൈൻ രജിസ്ട്രേഷൻ 31.08.2017 വരെ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷിക്കുവാനുള്ള അവസാന തീയതി 31.08.2017 ആണ്. സ്പോട്ട്സ്, കമ്മ്യൂണിറ്റി ക്വാട്ടകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പ് സഹിതം അതത് കോളേജുകളിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## സ്കോളർഷിപ്പ് കൈപ്പറ്റണം

അന്തർ സർവകലാശാല മത്സരങ്ങളിൽ പങ്കെടുക്കുകയും മെഡൽ കരസ്തമാക്കുകയും ചെയ്ത കായികതാരങ്ങൾക്കുള്ള സ്പോർട്സ് സ്കോളർഷിപ്പുകളുടെ (സ്പോർട്സ് റ്റാലന്റ് സ്കോളർഷിപ്പ് (2008–09 & 2009–10)/ സ്പോർട്സ് ട്രെയിനിംഗ് ഇൻസന്റീവ് (2009–10 മുതൽ 2016–17 വരെ)) വിതരണം ഓഗസ്റ്റ് 16, 18 തീയതികളിൽ ജി.വി രാജ പവിലിയനിൽ പ്രവർത്തിക്കുന്ന സർവകലാശാല കായിക പഠന വിഭാഗം ഓഫീസിൽ വെച്ച് വിതരണം ചെയ്യും. സ്പോർട്സ് സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവർ അന്നേ ദിവസം തിരിച്ചറിയൽ രേഖ, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം ഹാജരായി സ്കോളർഷിപ്പ് തുക കൈപ്പറ്റേണ്ടതാണ്. നേരിട്ട് ഹാജരാകാൻ കഴിയാത്തവർ തിരിച്ചറിയൽ രേഖയും സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അധികാരപ്പെടുത്തിയ രേഖയും സമർപ്പിച്ച് തുക കൈപ്പറ്റാവുന്നതാണ്. കൈപ്പറ്റാത്ത തുക നിശ്ചിത തീയതിക്ക് ശേഷം സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതാണ്. അർഹരായവരുടെ പട്ടിക സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാൻവേണ്ടി)

## പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് കോഴ്സ് സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം 12-ന് ക്ലാസ്സ് ആരംഭിക്കുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് യോഗ്യത. കോഴ്സ് ഫീസ് 7500 രൂപ. അപേക്ഷാഫീസ് 100 രൂപ. കോഴ്സ് കാലാവധി നാല് മാസം. ക്ലാസുകൾ ശനി ഞായർ ദിവസങ്ങളിൽ മാത്രം.താൽപര്യമുള്ളവർ പി.എം.ജി ജങ്ഷനിലുള്ള സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ മോർണിംഗ് ബാച്ച് സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ മോർണിംഗ് ബാച്ച് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. ക്ലാസ്സുകൾ 21-ന് ആരംഭിക്കും. യോഗ്യത പ്ലസ് ടു/ പ്രീഡിഗ്രി ജയിച്ചിരിക്കണം. കോഴ്സ് ഫീസ് 6000 രൂപ. അപേക്ഷാഫീസ് 100 രൂപ. ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ. സമയം രാവിലെ ഏഴ് മണി മുതൽ ഒൻപത് വരെ. കോഴ്സ് കാലാവധി മൂന്ന് മാസം. വിശദവിവരങ്ങൾക്ക് തിരുവനന്തപുരം പി.എം.ജി ജങ്ഷനിലുള്ള സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## സെക്യൂരിറ്റി ഓഫീസർ നിയമനം: അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയിലേക്ക് കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഓഫീസറെ നിയമിക്കുന്നതിന് കേരള സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത പോലീസ് ഓഫീസർ/ കേന്ദ്രസർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ക്യാപ്റ്റൻ റാങ്കിൽ കുറയാത്ത മിലിട്ടറി ഓഫീസർ എന്നിവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രായപരിധി ആഗസ്റ്റ് ഒന്നാം തീയതി 58 വയസ് കഴിയാൻ പാടില്ല. പ്രതിമാസ വേതനം 25,000/- രൂപ. വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം വയസ്സ്, ജാതി, സർവ്വീസ് എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി ആഗസ്റ്റ് 16-ന് മുൻപായി ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിൻ ) കേരള സർവകലാശാല എന്ന മേൽവിലാസത്തിൽ ലഭിക്കേണ്ടതാണ്.

## സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം/ബി.എസ്സി ഏപ്രിൽ 2017-ന് നടത്തിയ ആറാം സെമസ്റ്റർ ബി.കോം/ബി.എസ്സി എന്നീ പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കായി ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ബന്ധപ്പെട്ട ഹാൾടിക്കറ്റുകളുമായി ഇ.ജെ 2 സെക്ഷനിൽ ആഗസ്റ്റ് 19-ാം തീയതി മുതൽ 31-ാം തീയതി വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് ഹാജരാകണം.

## പി.എച്ച്.ഡി നൽകും

ബാലുഷ. യു, ദീപ്തി. എസ്, രമ്യ രാജൻ, ഗോപൻ.ജി, മീരാകുമാരി.ജി (മലയാളം), ബെറ ആർ ഉദയ്, രജിത.സി (സംസ്കൃതം), ടോം തോമസ് (ഫിസി

ക്കൽ എഡ്യുക്കേഷൻ), രാഗേന്ദു സി.കെ, സഞ്ജു വി.കെ (ലോ), ഉണ്ണികൃഷ്ണൻ.ബി, ബഹ്റാം മഹ്മൂദി മസ്റേഷാദി, മനോജ്.എം (മാനേജ്മെന്റ് സ്റ്റഡീസ്), ജീന ആർ ജോസഫ്, നിമ അട്ടായെ (ഇംഗ്ലീഷ്), റജീന എ (പബ്ലിക് അഡ്മിനിസ്ട്രേഷൻ), നസ്നീൻ എ, ആശാലക്ഷ്മി എ.എൻ, മംഗല്യ.ബി (ഫിലോസഫി), മിനി രാജ്, ജയശ്രീ.ജെ (ഹിന്ദി), മഹേഷ്.എസ്, അശ്വതി.പി (കൊമേഴ്സ്), ഡതി.ഡി, ഹരികൃഷ്ണപ്രസാദ്.എൽ.എസ്, അനിൽ കുമാർ. എസ് (ഹിസ്റ്ററി), സന്ധ്യ.സി.പി, ഷൈനി.പി.ലൈല, ലക്ഷ്മി.വി, ഇന്ദു ശശിധരൻ, ശ്രീദേവി.കെ, സീന.പി.ടി, രജനി.പി, ആശാരാധാകൃഷ്ണൻ, അർച്ചന,.എസ്.ആർ വിനായക്.എം.വി, രമ്യ.കെ, ലിൻഷ വാഴയാൽ (കെമിസ്ട്രി), ലാവണ്യ.വി.എസ്, റാണി. കെ.പിള്ള (ഫിസിക്സ്), അരുൺകുമാർ.ആർ.സി, തോമസ്.കെ.യു, ഇജ്നു.ടി.പി, അഞ്ജു.എസ്, നീതു.ആർ.എസ്, പ്രവീൺ. ആർ.പി (ബയോടെക്നോളജി), ചിത്ര.എം.റ്റി (കമ്പ്യൂട്ടർ സയൻസ്), രേണുക കുമാരി.ജെ, ലീമ പീറ്റർ, അനിൽ.ആർ (സിവിൽ എഞ്ചിനീയറിംഗ്), ധന്യ.സി.ആർ, വിൽസൺ പീറ്റർ അബ്രഹാം (ബയോകെമിസ്ട്രി), ദിവ്യ സിന്ധു ലേഖ (ഫ്യൂചേർസ് സ്റ്റഡീസ്), ഷിബു കൃഷ്ണൻ.കെ, അഞ്ചുഷ.എസ് (ബോട്ടണി), ആതിരാറാണി.എം.ആർ, സൂസൻ ജോസ് (നഴ്സിംഗ്), അശ്വതി സുഗുണൻ (ഹോം സയൻസ്), രാധ.കെ (ഫാർമസ്യൂട്ടിക്കൽ സയൻസസ്), മഞ്ജു.എസ് (ജിയോളജി), രജി.പി.ജി, ധന്യ.ജി (എൻവയോൺമെന്റൽ സയൻസസ്), സുബു സുരേന്ദ്രൻ (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്), ആനി ഫിലിപ്പ് (സ്റ്റാറ്റിസ്റ്റിക്സ്), ഷാജി.ജെ (ജോഗ്രഫി), ബിവീഷ്.യു.സി (പൊളിറ്റിക്കൽ സയൻസസ്), ലീലാകുമാരി.പി (മെഡിസിൻ), നാൻസി മോൾ.എ (അക്വാട്ടിക് ബയോളജി & ഫിഷറീസ്) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## ത്രിദിന അന്താരാഷ്ട്ര സെമിനാർ

കേരള സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സും ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റും സംയുക്തമായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സെമിനാറിന്റെ മൂന്നാം ദിനം ആഗസ്റ്റ് 11–ാം തീയതി രാവിലെ 9.30–ന് സെനറ്റ് ചേംബറിൽ ആരംഭിച്ചു. ആദ്യ സെഷൻ ഡോ.മഞ്ജു.എസ്.നായരുടെ അധ്യക്ഷതയിൽ ആരംഭിച്ചു. ഡോ. ഉമാജ്യോതി (ഗവ.വിമൻസ് കോളേജ്) ഡവലപ്മെന്റ് കമ്യൂണിക്കേഷൻ ഫോർ ഡീകോഡിങ് ദി ഇൻസ്റ്റിറ്റ്യൂഷണൽ കൺസ്ട്രയിൻസ് ഓഫ് അവേർനസ് ഡെഫിസിറ്റ് ഇൻ ഇന്ത്യ എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി. വിവിധ സെഷനുകളിലായി ഡോ. ആരതി.എം (അസിസ്റ്റന്റ് പ്രൊഫസർ, കൗൺസിൽ ഫോർ സോഷ്യൽ ഡവലപ്മെന്റ്), ഡോ. സോണി കുഞ്ഞപ്പൻ, അലോക് പ്രഭു (ജെ.എൻ.യു), അനില ആർ എന്നിവർ പങ്കെടുത്തു. അപരാഹ്നത്തിൽ നടന്ന സമാപന ചടങ്ങിൽ പ്രൊഫ. എ. അബ്ദുൾ സലിം സ്വാഗതം ആശംസിച്ചു. പ്രോ–വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ, പ്രൊഫ. സതീഷ് കെ. ജയിൻ (ജെ.എൻ.യു), സെമിനാർ കോർഡിനേറ്റർ സിദ്ധിഖ് റാബിയത്ത്, അസോസിയേറ്റ് പ്രൊഫ. അനിത.വി തുടങ്ങിയവർ സംബന്ധിച്ചു.

## സീനിയർ റിസേർച്ച് ഫെലോ അപേക്ഷ ക്ഷണിച്ചു

കേരളാ യൂണിവേഴ്സിറ്റി ബയോകെമിസ്ട്രി പഠന വകുപ്പിൽ അഡ്വാൻസ്ഡ് സെന്റർ ഫോർ ടിഷ്യൂ എഞ്ചിനീയറിംഗിലേക്ക് സീനിയർ റിസേർച്ച് ഫെലോയുടെ 2 ഒഴിവുകളുണ്ട്. വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ജോബ് നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

## വനിതാ ഹോസ്റ്റൽ പ്രവേശനം: ഇപ്പോൾ അപേക്ഷിക്കാം

കേരള സർവകലാശാലയുടെ കീഴിലുള്ള ഗവൺമെന്റ് കോളേജുകളിലെ ഒന്നാം വർഷ ബി.എഡ്,എം.എഡ് വിദ്യാർത്ഥിനികൾക്ക് തൈക്കാടുള്ള സർവകലാശാല വനിതാ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചുകൊള്ളുന്നു. പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലും നിലവിലുള്ള ഹോസ്റ്റൽ നിയമങ്ങളും അനുസരിച്ചായിരിക്കും. ഈ അധ്യയന വർഷം മുതൽ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളു. (www.hostel.keralauniversity.ac.in) ലൂടെ അപേക്ഷ കൾ സമർപ്പിക്കാം.

## സിലബസ് പുതുക്കി

കേരള സർവകലാശാലയുടെ 2017-ൽ അഡ്മിഷൻ നടക്കുന്ന ബി.എ അറബിക്, ബി.എ അഫ്സൽ-ഉൽ-ഉലമ എന്നീ കോഴ്സുകളുടെ സിലബസ് പരിഷ്കരിച്ചു. പുതുക്കിയ സിലബസ് (www.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ ഡൗൺലോഡ് എന്ന ലിങ്കിൽ ലഭിക്കും.

## എം.ബി.എൽ ഫലം

കേരള സർവകലാശാല ഒന്നാം സെമസ്റ്റർ എം.ബി.എൽ ഒക്ടോബർ 2016, മൂന്നാം സെമസ്റ്റർ എം.ബി.എൽ മെയ് 2016, നാലാം സെമസ്റ്റർ എം.ബി.എൽ സെപ്റ്റംബർ 2016 എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരി ശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 31.

## സ്റ്റാറ്റിസ്റ്റിക്സ് പ്രാക്റ്റിക്കൽ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി. എസ് സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ പ്രാക്റ്റിക്കൽ പരീക്ഷ 21 മുതൽ അതാത് കോളേജുകളിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

തിരുവനന്തപുരം.
11.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098